# കേരള സർക്കാർ

## സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് -തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതി-തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഹഡ്കോയ്ക്ക് തിരിച്ചടവാക്കാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നത്-പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ)നം. 31/13/തസ്വഭവ തിരുവനന്തപുരം, തീയതി.04/01/2013

---

**പരാമർശം:**-(1)30/1/12 ലെ സ.ഉ (സാധ) നം.303/12/തസ്വഭവ

(2) ഹഡ്കോ റീജിയണൽ ചീഫിന്റെ 11/4/12 ലെ **Hudco/TRO/COST FORD/RUP-13/2012/80 നമ്പർ കത്ത്.**

## ഉത്തരവ്

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഹഡ്കോയ്ക്ക് തിരിച്ചടവാക്കാനുള്ള വായ്പയുടെ മുതലും പലിശയും ഒടുക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. തൃശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2011-12 വർഷം ഉപയോഗിക്കാൻ കഴിയാതെ വരുന്ന പ്ലാൻ ഫണ്ടിൽ നിന്നും ഏറ്റവും കുറഞ്ഞത് 50% തുകയെങ്കിലും അടയ്ക്കുവാനും ബാക്കി അടുത്ത വർഷത്തെ പ്ലാൻ ഫണ്ടിൽ ചേർത്ത് മേയ് അവസാനത്തോടുകൂടി അടച്ചു തീർക്കുന്നതിനുമുള്ള യഥേഷ്ടാനുമതിയാണ് സർക്കാർ പുറപ്പെടുവിച്ചിരുന്നത്. എന്നാൽ പരാമർശം ഉത്തരവ് പ്രകാരം ഈ വിഷയത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്നും ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം 476.352 ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒടുക്കുവാനുണ്ടെന്നും പരാമർശം (2) പ്രകാരം ഹഡ്കോ റീജിയണൽ ചീഫ് അറിയിച്ചിരുന്നു. തൃശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഈയിനത്തിലെ ബാധ്യതയുടെ വിശദാംശങ്ങൾ ഹഡ്കോ ലഭ്യമാക്കിയത് അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ തുക വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കണമെന്നും ഹഡ്കോ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കും പ്രകാരമുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**i.** ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കാനുള്ള തുകയായ 476.352 ലക്ഷം രൂപ തൃശൂർ ജില്ലയിലെ മുനിസിപ്പാലിറ്റികൾക്കും ഗ്രാമപഞ്ചായത്തുകൾക്കും വകയിരുത്തിയിരിക്കുന്ന 2012-13-ലെ പദ്ധതി വിഹിതത്തിൽ നിന്നും തവണകളായി തിരിച്ചു പിടിക്കാവുന്നതാണെന്ന് ഉത്തരവാകുന്നു.

**ii.** ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വികസന ഫണ്ടിൽ നിന്നും ഉചിതമായ തവണകളിൽ നിജപ്പെടുത്തി തിരിച്ചടവിനാവശ്യമായ തുക നിശ്ചയിക്കുന്നതാണ്.

**iii.** പത്തു ലക്ഷം രൂപയോ അതിൽ കുറവോ ബാക്കി അടവാക്കാനുള്ള തുക അനുബന്ധംപ്രകാരമുള്ള പറപ്പൂക്കര, ചേർപ്പ്, അടാട്, തളിക്കുളം, ഇടവിളങ്ങ്, കൊണ്ടാഴി, മുളങ്കുന്നത്തുകാവ്, മുള്ളൂർക്കര, മുല്ലശ്ശേരി, തെക്കുംകര, ചാഴൂർ, പവറട്ടി, തോലൂർ എന്നീ പഞ്ചായത്തുകളുടേയും തൃശൂർ കോർപ്പറേഷനിൽ ഉൾപ്പെടുന്ന പഴയ ഒല്ലൂർ, വിളവട്ടം, അയ്യന്തോൾ പഞ്ചായത്തുകൾക്കു വേണ്ടി തൃശ്ശൂർ കോർപ്പറേഷന്റേയും, കുന്ദംകുളം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന പഴയ അർത്താട്ട്

ഗ്രാമപഞ്ചായത്തിന് വേണ്ടി കുന്ദംകുളം മുനിസിപ്പാലിറ്റിയുടേയും 2012-13 വർഷത്തെ വികസന ഫണ്ടിൽ നിന്നും കുറവു വരുത്തിയും; പത്തു ലക്ഷം രൂപയിൽ കുടുതൽ അടവാക്കാനുള്ള ദേശമംഗലം, കുഴൂർ, തൃക്കൂർ, കൊടശേരി, മറ്റത്തൂർ, പുതുക്കാട്, മുണ്ടത്തിക്കോട് എന്നീ 7 പഞ്ചായത്തുകളുടെ 2012-13 വർഷത്തെ വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വീതം കുറവു വരുത്തിയും; ഉത്തരവ് പുറപ്പെടുവിക്കുന്നു.

iv. തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവർ ഉചിതമായ തവണകളിൽ നിജപ്പെടുത്തി തിരിച്ചടവിനാവശ്യമായ തുക നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും തുക പിടിച്ച് ഹഡ്കോയ്ക്ക് അടയ്ക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

v. പത്തു ലക്ഷം രൂപയിൽ കൂടുതൽ അടവാക്കാനുള്ള 7 പഞ്ചായത്തുകളുടെ 10 ലക്ഷം രൂപ കഴിച്ചുള്ള വായ്പാതുകയുടെ തിരിച്ചടവ് സംബന്ധിച്ച് പിന്നീട് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.എസ്.സെന്തിൽ
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാകളക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ & എ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ
ഡയറക്ടർ, കോസ്റ്റ് ഫോർഡ്, തൃശ്ശൂർ
ഡെപ്യൂട്ടി ചീഫ് ഫിനാൻസ് ഓഫീസർ, ഹഡ്കോ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അനുബന്ധം ലിസ്റ്റിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
സെക്രട്ടറി, കുന്ദംകുളം നഗരസഭ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ (പഞ്ചായത്ത്)വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (എഫ്.എം) വകുപ്പ്

അനുബന്ധം

Final Status of dues of Panchayaths underSampoorna Parppida Padhathi, Thrissur

| Sl.No. | Name of the Panchayath | Net payable as on 31/12/2010 | Interest @ 9.50% from 01/01/2011 till 30/06/2012 | Total Payable | Final amount received / being received from Grama Panchayaths | Rupees in lakhs<br>Balance to be received |
|---|---|---|---|---|---|---|
| 1 | Parapukara | 1.369 | 0.207 | 1.576 | 1.369 | 0.207 |
| 2 | Cherpu | 5.771 | 0.873 | 6.644 | 5.771 | 0.873 |
| 3 | Thrissur Corporation | | | | | |
| a) | Ollur | 8.810 | 1.332 | 10.142 | 8.810 | 1.332 |
| b) | Vilvattom | 6.414 | 0.97 | 7.384 | -6.414 | 0.970 |
| c) | Ayyanthole | 3.987 | 0.603 | 4.590 | 3.987 | 0.603 |
| 4 | Kunnamkulam Municipality Arthat | 6.639 | 1.004 | 7.643 | 0.000 | 7.643 |
| 5 | Adat | 1.883 | 0.285 | 2.168 | 0.000 | 2.168 |
| 6 | Thalikulam | 2.096 | 0.317 | 2.413 | 0.000 | 2.413 |
| 7 | Edavilangu | 2.715 | 0.411 | 3.126 | 2.000 | 1.126 |
| 8 | Kondazhy | 4.808 | 0.727 | 5.535 | 1.652 | 3.883 |
| 9 | Mulankunnathukav | 5.366 | 0.812 | 6.178 | 0.000 | 6.178 |
| 10 | Mullurkara | 6.413 | 0.97 | 7.383 | 0.850 | 6.533 |
| 11 | Mullassery | 7.560 | 1.143 | 8.703 | 3.774 | 4.929 |
| 12 | Thekkumkara | 8.412 | 1.272 | 9.684 | 4.000 | 5.684 |
| 13 | Chazhur | 11.593 | 1.753 | 13.346 | 5.646 | 7.700 |
| 14 | Pavaratty | 0.822 | 0.124 | 0.946 | 0.000 | 0.946 |
| 15 | Tholur | 4.323 | 0.654 | 4.977 | 0.000 | 4.977 |
| 16 | Desamangalam | 19.239 | 2.91 | 22.149 | 3.220 | 18.929 |

| Sl.No. | Name of the Panchayath | Net payable as on 31/12/2010 | Interest @ 9.50% from 01/01/2011 till 30/06/2012 | Total Payable | Final amount received / being received from Grama Panchayaths | Balance to be received |
|---|---|---|---|---|---|---|
| 17 | Kuzhoor | 36.750 | 5.558 | 42.308 | 7.094 | 35.214 |
| 18 | Thrikkur | 44.977 | 6.802 | 51.779 | 0.000 | 51.779 |
| 19 | Kodassery | 57.582 | 8.708 | 66.290 | 5.000 | 61.290 |
| 20 | Mattathur | 177.508 | 26.845 | 204.353 | 5.950 | 198.403 |
| 21 | Puthukad | 11.232 | 1.699 | 12.931 | 0.000 | 12.931 |
| 22 | Mundathikode | 34.432 | 5.207 | 39.639 | 0.000 | 39.639 |
| | | | | | | |
| | | | | | | |
| | | | | | | |
| | Total Dues | 470.702 | 71.186 | 541.888 | 65.536 | 476.352 |
| | | | | | | |